**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 361** **19-07-2022 - ൽ മറുപടിയ്ക്ക്**

**ഇക്കോ സെൻസിറ്റീവ് സോൺ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര പരിസ്ഥിതി, വനം, കാലാവസ്ഥ വ്യതിയാന മന്ത്രാലയം പുറപ്പെടുവിച്ച വൈൽഡ് ലൈഫ് കൺസർവേഷൻ സ്ട്രാറ്റജി 2002-ന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ നൽകിയ മാർഗ്ഗനിർദ്ദേശങ്ങളിന്മേൽ 2011-ൽ സംസ്ഥാന സർക്കാരിനോട് കേന്ദ്ര സർക്കാർ അഭിപ്രായം ആരാഞ്ഞിരുന്നോ; | (എ) | കേന്ദ്ര പരിസ്ഥിതി, വനം, കാലാവസ്ഥ വ്യതിയാന മന്ത്രാലയം പുറപ്പെടുവിച്ച വൈൽഡ് ലൈഫ് കൺസർവേഷൻ സ്ട്രാറ്റജി 2002-ന്റെ അടിസ്ഥാനത്തിൽ പാരിസ്ഥിതിക സംവേദക മേഖലകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ 2002 മുതലാണ് കേന്ദ്ര സർക്കാർ ആരംഭിച്ചത്. ഇന്ത്യൻ ബോർഡ് ഫോർ വൈൽഡ് ലൈഫ് 2002 ജനുവരി 21-ന് ചേർന്ന 21-മത് യോഗത്തിൽ വന്യജീവി സങ്കേതങ്ങൾക്കും ദേശീയോദ്യാനങ്ങൾക്കും പുറത്തായി 10 കി.മീറ്റർ ചുറ്റളവ് വരെയുള്ള പ്രദേശത്തെ പാരിസ്ഥിതിക സംവേദക മേഖലയായി പ്രഖ്യാപിക്കുന്നതിനാണ് തീരുമാനിച്ചത്. WP (C) No. 460/2004, ഗോവ ഫൗണ്ടേഷൻ Vs യൂണിയൻ ഓഫ് ഇന്ത്യ കേസ്സിലെ ബഹു.സുപ്രീം കോടതിയുടെ 04-12-2006-ലെ ഉത്തരവ് പ്രകാരമാണ് ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപനം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം 09-02-2011-ൽ പ്രസിദ്ധീകരിക്കുകയും ആയത് പ്രകാരമുള്ള പ്രൊപ്പോസലുകൾ തയ്യാറാക്കി സമർപ്പിക്കുന്നതിനും കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിന് നിർദ്ദേശം നൽകിയത്. 2011-ലെ മാർഗ്ഗനിർദ്ദേശങ്ങളുടെ ഖണ്ഡിക (7) പ്രകാരം സംസ്ഥാനങ്ങൾക്ക് അവിടുത്തെ പ്രത്യേക സാഹചര്യങ്ങൾ പരിഗണിച്ചും ടി മാർഗ്ഗനിർദ്ദേശങ്ങൾ അടിസ്ഥാനമാക്കിയും പ്രത്യേകമായി മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിന് അനുമതി നൽകിയിരുന്നു. ടി മാർഗ്ഗനിർദ്ദേശങ്ങളിന്മേൽ സംസ്ഥാനങ്ങളുടെ അഭിപ്രായങ്ങൾ സമർപ്പിക്കുന്നതിന് നിർദ്ദേശിച്ചിരുന്നില്ല. |
| (ബി) | എങ്കിൽ പ്രസ്തുത വിഷയത്തിൽ സംസ്ഥാന | (ബി) | 09-02-2011-ൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം |

| | | | |
|---|---|---|---|
| | സർക്കാർ നൽകിയ അഭിപ്രായമെന്താണെന്ന് വ്യക്തമാക്കാമോ; | | പ്രസിദ്ധീകരിച്ച മാർഗ്ഗ നിർദ്ദേശങ്ങളിന്മേൽ അഭിപ്രായം സമർപ്പിക്കാൻ നിർദ്ദേശം ഉണ്ടായിരുന്നില്ല. ആയതിനാൽ ടി മാർഗ്ഗനിർദ്ദേശങ്ങളിന്മേൽ സംസ്ഥാന സർക്കാർ അഭിപ്രായം സമർപ്പിച്ചിരുന്നില്ല. |
| (സി) | സംരക്ഷിത പ്രദേശങ്ങൾക്ക് ചുറ്റുമുള്ള എല്ലാ മനുഷ്യവാസ കേന്ദ്രങ്ങളെയും ഇക്കോ സെൻസിറ്റീവ് സോണുകളുടെ പരിധിയിൽ നിന്ന് ഒഴിവാക്കിക്കൊണ്ട് കേന്ദ്ര വനം മന്ത്രാലയത്തിന് നിർദ്ദേശങ്ങൾ നൽകാൻ 2013-ൽ അന്നത്തെ സർക്കാർ തീരുമാനിച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ? | (സി) | 2013-ലെ സർക്കാർ തീരുമാനപ്രകാരം വനപ്രദേശത്തിന് പുറത്തുള്ള ജനവാസമേഖലകൾ പൂർണ്ണമായും ഒഴിവാക്കി സംരക്ഷിത മേഖലയ്ക്ക് ചുറ്റും 0-12 കി.മി. വരെ ഇക്കോ സെൻസിറ്റീവ് സോണായി വിജ്ഞാപനം ചെയ്യാനുള്ള പ്രൊപ്പോസലുകൾ കേന്ദ്ര സർക്കാരിലേയ്ക്ക് സമർപ്പിച്ചിരുന്നു. എന്നാൽ കൃഷിയിടങ്ങളും റവന്യൂ ഭൂമിയും ഒഴിവാക്കാൻ ആവശ്യപ്പെട്ടിരുന്നില്ല. |

സെക്ഷൻ ഓഫീസർ